അധ്യക്ഷതയുടെ പേരിൽ പാട്ടത്തിന്നു ഏല്പിക്കുന്നതിനെക്കുറിച്ചു് അധ്യക്ഷത ഡിപ്പാർട്ട്മെണ്ടിലെ റിപ്പോർട്ട്, റെവന്യൂ ഡിപ്പാർട്ട്മെണ്ടിൽ കിട്ടിയ്യ എന്നാണെന്നും അതിന്മേൽ റെവന്യൂ ഡിപ്പാർട്ട്മെണ്ടിലെ നടപടി എത്രത്തോളം ആയിട്ടുണ്ടെന്നും സഭയം പറയുമൊ;

(ഛ) പ്രസ്താവ ഭൂമികളം അധ്യക്ഷതയുടെ അധീനത്തിൽ വിട്ടുകൊടുക്കുവാൻ ഇനി ഉദ്ദേശം എത്ര സമയം വേണ്ടിവരുമെന്നു് സഭയം പറയുമൊ ?

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.— അധ്യക്ഷത ഡിപ്പാർട്ട്മെണ്ടിലെ റിപ്പോർട്ടു് റെവന്യൂ ഡിപ്പാർട്ട്മെണ്ടിൽ കിട്ടിയതു് ഫെബ്രുവരി ഡിസമ്പറിലാണു്. അധ്യക്ഷതക്കു ഭൂമികളം പാട്ടത്തിന്നു കൊടുക്കേണ്ട നടപടിക്രമങ്ങളും വ്യവസ്ഥകളും ക്ലിപ്തപ്പെടുത്തേണ്ടുന്ന കാര്യം ഗവർമ്മേണ്ടിലെ ആലോചനയിൽ ഇരിക്കുന്നുണ്ടു്. ടി കാര്യം കഴിയുന്നതും വേഗത്തിൽ തീരുമാനിച്ചു് മേൽനടപടി നടത്തുന്നതാണു്.

Bajana Madhom for the Pulayas of Mulavukad.

282. മിസ്റ്റർ പി. സി. ചാണ്ടൻ.—(ക) മുളവുകാട്ടു് പുലയക്കു ഒരു ഭജനമഠത്തിനു് സ്ഥലം ഗവർമ്മേണ്ടിൽനിന്നും എടുത്തു കൊടുക്കുവാൻ അപേക്ഷിച്ചിട്ടു് എത്ര നാളായി എന്നും;

(ഖ) ബഹുമാനപ്പെട്ട ദിവാൻജി അവർകളും അധ്യക്ഷത രക്ഷകൻ മുതലായ ഉദ്യോഗസ്ഥന്മാരും സന്ദർശിക്കുകയും കഴിയുന്ന വേഗം അകപ്പെടുത്തു് തരാമെന്നു് കല്പിക്കുകയും ചെയ്ത സ്ഥലം വില കൊടുത്ത എടുക്കുന്നതിൽ റെവന്യൂ ഡിപ്പാർട്ട്മെണ്ടിൽ നിന്നും നടത്തേണ്ട നടപടികളം മുഴുവൻ നടത്തീട്ടുണ്ടോ എന്നും സഭയം പറയാമൊ;

(ഗ) മറുപടി നിഷേധരൂപത്തിലാണെങ്കിൽ ഇനി അതിന്റെ നടപടിക്കു് എത്രമേൽ താമസം വേണ്ടിവരുമെന്നും സഭയം പറയുമൊ?

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—(ക) [illegible] മേടം [illegible] -ാംനു- യാണു് അപേക്ഷിച്ചിട്ടുള്ളതു്.

(ഖ) ഈ കാര്യത്തിൽ റെവന്യൂ ഡിപ്പാർട്ട്മെണ്ടിൽ നിന്നും നടത്തേണ്ടുന്ന നടപടികളം എല്ലാം നടത്തിക്കഴിഞ്ഞു. സ്ഥലം അധ്യക്ഷത രക്ഷകൻ ഏറ്റു വാങ്ങേണ്ടുന്ന താമസം മാത്രമെയുള്ളു.

(ഗ) മേൽപറഞ്ഞ മറുപടിക്കു ശേഷം ഈ ചോദ്യത്തിനവകാശമില്ല.

Azhikode Arakulam Road.

283. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(എ) അഴീക്കോടു, അരാകുളം റോഡിന്റെ നടുവളവുകളും ഉയർന്ന സ്ഥിതിയും ഗവർമ്മേണ്ടിന്റെ ദൃഷ്ടിയിൽ പതിഞ്ഞിട്ടുണ്ടോ എന്ന സഭയം പറയുമൊ?

(ബി) പ്രസ്തുത റോഡിന്റെ ശരിയായ ഒരു സ്കെച്ചു് (sketch) മേൽപ്പറഞ്ഞ സഭയം വയ്ക്കാമൊ?

LIBRARY ARCHIVES Kerala Legislative Assembly